LIBRARY ARCHIVES Kerala Legislative Assembly

അലങ്കാര മത്സ്യ വിപണന കേന്ദ്രം

205(413) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ മത്സ്യമാർക്കറ്റിൽ നിർമ്മാണത്തിലിരിക്കുന്ന അലങ്കാര മത്സ്യ വിപണന കേന്ദ്രത്തിന്റെ നിർമ്മാണത്തിലുണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത വിപണന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റിന്റെയും സ്കെച്ച് പ്ലാനിന്റെയും പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) നാളിതുവരെ നടന്നിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തികളുടെ കാലതാമസം ഒഴിവാക്കി പണി പുനരാരംഭിക്കുവാൻ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പമ്പ് റൂമും അനുബന്ധ പണികളും ഒഴിച്ചുള്ള സിവിൽ വർക്കുകൾ 9/08-ൽ പൂർത്തീകരിച്ചു. ജലവിതരണത്തിന് സമീപത്തുള്ള മുനിസിപ്പാലിറ്റി വക കിണറാണ് സ്രോതസ്സ് ആയി ഉദ്ദേശിച്ചിരുന്നത്. എന്നാൽ മേൽ സ്രോതസ്സ് ഉപയോഗിക്കുന്നതിനുള്ള അനുവാദം മുനിസിപ്പാലിറ്റിയിൽനിന്ന് ലഭിക്കാത്തതു കൊണ്ടാണ് കാലതാമസം നേരിട്ടത്.

(സി) ലഭ്യമാക്കാം-സ്കെച്ചിന്റെയും എസ്റ്റിമേറ്റിന്റെയും പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(ഡി&ഇ) ചെങ്ങന്നൂർ മത്സ്യമാർക്കറ്റിൽ നിർമ്മാണത്തിലിരിക്കുന്ന അലങ്കാര മത്സ്യ വിപണന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തിക്ക് കരാർ പ്രകാരം നിർമ്മിക്കേണ്ടതായ 20 ഫിഷ് ടാങ്കുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ 6 എണ്ണത്തിന് താൽക്കാലിക റൂഫ് പണിതു. ഈ ഫിഷ് ടാങ്കുകളിൽ വെള്ളം ലഭ്യമാക്കുന്നതിന് ആവശ്യമായ പ്ലംബിംഗ് പണികളും പൂർത്തീകരിച്ചു. നിലവിലുള്ള കെട്ടിടത്തിന് ചോർച്ച ഒഴിവാക്കാനായി ജി.ഐ.ഷീറ്റിന്റെ റൂഫ് പണിതീർത്തു. ഫിഷ് ടാങ്കിലേക്കുള്ള വെള്ളം സംഭരിക്കുന്നതിനായി ഒരു വാട്ടർ ടാങ്കും ഐസ് പ്ലാന്റ് കോമ്പൗണ്ടിൽ സ്ഥാപിച്ചിട്ടുണ്ട്. നിലവിലുള്ള ഐസ് പ്ലാന്റ് കെട്ടിടത്തിന്റെ മുൻവശം ഗെയ്റ്റ് വരെ വാഹനഗതാഗതം സുഗമമാക്കുവാൻ കോൺക്രീറ്റ് ചെയ്തു. ഐസ് പ്ലാന്റ് കോമ്പൗണ്ടിലുണ്ടായിരുന്ന ജീർണ്ണിച്ച ഗേറ്റ് മാറ്റി പുതിയത് സ്ഥാപിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഈ പദ്ധതിയിൽ മുനിസിപ്പാലിറ്റി വക സ്ഥലത്ത് നിലവിലുള്ള കിണർ ജലസ്രോതസ്സ് ആയി ഉപയോഗിക്കുവാനും മുനിസിപ്പാലിറ്റി സ്ഥലത്ത് പമ്പ് റൂം നിർമ്മിക്കുവാനുമാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ മേൽ സ്രോതസ്സ് ഉപയോഗിക്കുവാനുമുള്ള അനുവാദം മുനിസിപ്പാലിറ്റി തന്നിട്ടില്ല. ആയതിനാൽ ഫിഷ് ടാങ്കിലേക്ക് വെള്ളം ലഭ്യമാക്കുവാനായി വാട്ടർ അതോറിറ്റി ലൈനിൽ നിന്നോ ട്യൂബ് വെൽ നിർമ്മിച്ചോ വെള്ളം എടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

206(414) ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) രജിസ്ട്രേഷൻ വകുപ്പിൽ പൗരാവകാശ രേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉറപ്പു വരുത്തുന്നതിന് രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) സബ് രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സബ് രജിസ്ട്രാർ ഓഫീസുകൾക്കായി എത്ര പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു ; എത്ര കെട്ടിടങ്ങളുടെ നിർമ്മാണം നടന്നു വരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം എ-ആയി ചേർത്തിരിക്കുന്നു.*

(ബി) മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടില്ല.

(സി) വാടകയ്ക്ക് പ്രവർത്തിച്ചുവരുന്ന രജിസ്ട്രാർ ആഫീസുകൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുകയും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണം സംബന്ധിച്ച പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്തുവകുപ്പിൽ നിന്നും തയ്യാറാക്കി കെട്ടിടം പണിക്കുള്ള ഭരണാനുമതി ലഭ്യമാക്കുകയും കെട്ടിട നിർമ്മാണത്തിനാവശ്യമായ ബഡ്ജറ്റ് പ്രൊവിഷൻ അനുവദിക്കുന്നതിനുള്ള നടപടി സംബന്ധിച്ച പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പിന് യഥാസമയം സമർപ്പിക്കുകയും ചെയ്യുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly